പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6282 08.07.2014 ലെ മറുപടിക്ക്

## പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് നിയമക്കുരുക്കിൽ നിന്നുള്ള സംരക്ഷണം

| ചോദ്യം<br>**ശ്രീ.റ്റി.എൻ.പ്രതാപൻ**<br>**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ.വർക്കല കഹാർ**<br>**ശ്രീ.പി.എ.മാധവൻ** | മറുപടി<br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| --- | --- |
| എ) പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് സംരക്ഷണം നൽകു-വാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസുത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>ബി) ഇവർക്ക് പ്രോത്സാഹനവും നിയമകുരുക്കിൽനിന്ന് സംരക്ഷണവും നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;<br>സി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>ഡി) ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചരണം നൽകുമോ? വിശദമാക്കുമോ? | **(എ)യും (ബി)യും (സി)യും (ഡി)യും**<br>റോഡപകടങ്ങളിൽ പരിക്കേറ്റവരെ എത്രയും പെട്ടെന്ന് ആശുപത്രിയിൽ എത്തിക്കേണ്ടത് ഓരോ പൗരൻെറയും ധർമ്മം ആണെന്നും അങ്ങനെ ചെയ്യുന്ന വ്യക്തികളെ പ്രോത്സാഹിക്കപ്പെടേണ്ടതാണെന്നും, ഇത്തരം വ്യക്തികൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും പോലീസിൻെറ ഭാഗത്തു നിന്നും ഉണ്ടാക്കരുതെന്നും അവരെ സ്റ്റേഷനുകളിലേക്ക് ഈയൊരു കാരണം കൊണ്ട് മാത്രം വിളിച്ചു വരുത്തരുതെന്നും സംസ്ഥാന പോലീസ് മേധാവി എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതു ജനങ്ങളുടെ അറിവിലേയ്ക്കായി ഇത് സംബന്ധിച്ച് ആവശ്യമായ പ്രചാരണ പരിപാടികൾ നടത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**